ഇ.എം.(1)3379/2011

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 28.04.2011

## സർക്കുലർ നമ്പർ: 31/2011

വിഷയം: സഹകരണ വകുപ്പ് – 1969 ലെ കേരള സഹകരണ സംഘം ചട്ടം 185 ഉപചട്ടം (1) - സഹകരണ സംഘം ജീവനക്കാരുടെ ഉദ്യോഗക്കയറ്റം, വാർഷിക ഇൻക്രിമെന്റ് – ഹ്രസ്വകാല പരിശീലന പരിപാടി/കോഴ്സ് – മാർഗ്ഗനിർദ്ദേശങ്ങൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്.

സൂചന:
1. 2010 ലെ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ചട്ടങ്ങളും തുടർന്നുള്ള ഭേദഗതികളും.
2. സർക്കാരിന്റെ 08/02/2011 ലെ ജി.ഒ.(പി)21/2011/സഹ. നമ്പർ ഉത്തരവ്.
3. സഹകരണ സംഘം രജിസ്ട്രാറുടെ 25/02/11 ലെ 20/2011-ാം നമ്പർ സർക്കുലർ.

1969 ലെ കേരള സഹകരണ സംഘം നിയമം ചട്ടം 185 ഉപചട്ടം(1) ൽ നാലാം പ്രൊവിസോ ആയി സൂചന (1) പ്രകാരം നിലവിൽ വന്ന ഭേദഗതി പ്രകാരം സഹകരണ സംഘം ജീവനക്കാർക്കായി നിഷ്ക്കർഷിച്ചിട്ടുള്ള ഹ്രസ്വകാല പരിശീലനം നൽകുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളതും സൂചന (3) സർക്കുലറിലെ ഖണ്ഡിക **I (എ)**, **I (ബി)** എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ളതുമായ സ്ഥാപനങ്ങളോടൊപ്പം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (KICMA), നെയ്യാർഡാമിനെ കൂടി ഉൾപ്പെടുത്തി 25/02/11 ലെ 20/2011-ാം നമ്പർ സർക്കുലറിലെ ഖണ്ഡിക **I (എ)**, **I (ബി)** എന്നിവയിൽ ചുവടെ പറയുംപ്രകാരം ഭേദഗതി നിലവിൽ വരുത്തിയിരിക്കുന്നു.

**എ) <u>ഹ്രസ്വകാല വായ്പാ സംഘങ്ങൾ (Short-term credit structure):-</u>**

1. അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI)

അല്ലെങ്കിൽ

2. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, തിരുവനന്തപുരം/കണ്ണൂർ

അല്ലെങ്കിൽ

3. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദി ബെസ്റ്റ് (KIMB), ആലപ്പുഴ

അല്ലെങ്കിൽ

4. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (KICMA), നെയ്യാർഡാം.

**ബി) <u>ദീർഘകാല വായ്പാ സംഘങ്ങൾ (Long-term credit structure):-</u>**

1. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആന്റ് റൂറൽ ഡെവലപ്പ്മെന്റ് ബാങ്കിന്റെ സ്റ്റാഫ് ട്രെയിനിംഗ് കോളേജ്

അല്ലെങ്കിൽ

2. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദി ബെസ്റ്റ് (KIMB), ആലപ്പുഴ

അല്ലെങ്കിൽ

3. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്(KICMA), നെയ്യാർഡാം.

സൂചന (3) സർക്കുലറിലെ മറ്റ് നിർദ്ദേശങ്ങൾക്ക് യാതൊരു മാറ്റവും ഉണ്ടായിരിക്കുന്നതല്ല

(ഒപ്പ്)
കെ.വി. സുരേഷ്ബാബു
സഹകരണസംഘംരജിസ്ട്രാറുടെ ചുമതല വഹിക്കുന്ന
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

പകർപ്പ്:- 1. ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്

2. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും.

3. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും

4. പ്രിൻസിപ്പാൾ,
അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI)

5 പ്രിൻസിപ്പാൾ,
ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, തിരുവനന്തപുരം/കണ്ണൂർ

6. പ്രിൻസിപ്പാൾ,
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദി ബെസ്റ്റ് (KIMB), ആലപ്പുഴ

7. പ്രിൻസിപ്പാൾ,
സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആന്റ് റൂറൽ ഡെവലപ്പ്മെന്റ് ബാങ്കിന്റെ സ്റ്റാഫ് ട്രയിനിംഗ് കോളേജ്

8. പ്രിൻസിപ്പാൾ,
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (KICMA), നെയ്യാർഡാം

9. എല്ലാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും.
ജോയിന്റ് രജിസ്ട്രാർ(ജനറൽ), ജോയിന്റ് ഡയറക്ടർ എന്നിവർ മുഖാന്തിരം

10. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും,
ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖാന്തിരം

11. എഡിറ്റർ, സഹകരണ വീഥി, സഹകരണ ജേർണൽ.

12. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷൻ തലവന്മാർക്കും.

13. സ്റ്റോക്ക് ഫയൽ/സ്പെയർ.

ആജ്ഞാനുസരണം

Slatha

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എം)

1.